പ്രതിപക്ഷ ബഹളത്തെതുടർന്ന് 11.15–ന് സഭ നിർത്തിവയ്ക്കുകയും

വീണ്ടും 12.28 –ന് പുനഃരാരംഭിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ......ഓർഡർ

ഇന്ന് സഭയിൽ ഉയർന്നുവന്ന പ്രശ്നം ബഹുമാനപ്പെട്ട കക്ഷി നേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. അവിടെയുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി സംസാരിച്ചതിന്റെ രേഖകൾ അദ്ദേഹം മേശപ്പുറത്ത് വയ്ക്കുന്നതാണ്. അതിൽ പറയുന്ന ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി നമ്മുടെ ജലവിഭവ വകുപ്പിന്റെ വിഷയ നിർണ്ണയ മൂന്നാം നമ്പർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിന് തീരുമാനിച്ചു. ശ്രീമതി ജമീലാ പ്രകാശം ഈ സമിതിയിൽ പ്രത്യേകം ക്ഷണിതാവായിരിക്കും.

പൊതുവായിട്ടുള്ള ഒരു നിർദ്ദേശം വന്നിരിക്കുന്നത് ഇന്ന് 25 സബ്മിഷനുകളുണ്ട്. ഈ 25 സബ്മിഷനുകൾ എടുത്താൽ വളരെയധികം സമയം പോകുമെന്നുള്ളളതുകൊണ്ട് ഈ സബ്മിഷനുകളുടെ ഉത്തരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിമാർ ഈ അംഗങ്ങൾക്ക് എത്തിക്കണമെന്നാണ് തീരുമാനം. ഏതായാലും എല്ലാവരുടെയും കയ്യിൽ സബ്മിഷനുകൾക്കാധാരമായ നോട്ടീസുണ്ട്. ഇവിടെ മറുപടിയുമുണ്ട്. കഴിയുമെങ്കിൽ ഇന്നുതന്നെ എം.എൽ.എ. ഹോസ്റ്റലിലോ അവരുടെ സ്ഥലങ്ങളിലോ അതിന്റെ ഉത്തരങ്ങൾ എത്തിക്കുവാൻ മന്ത്രിമാർ ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. ഇത് എം.എൽ.എ. മാരുടെ കുഴപ്പംകൊണ്ട് സംഭവിച്ചതല്ല. നമ്മുടെ എല്ലാവരുടെയും ഒരു പ്രത്യേക സാഹചര്യത്തിൽ അങ്ങനെ വന്നുപോയതുകൊണ്ട് സംഭവിച്ചതാണ്. എല്ലാവരും ഇതിനോട് സഹകരിക്കണം.

മുഖ്യമന്ത്രി, അങ്ങേക്ക് ഇവിടെ സംസാരിച്ച രേഖകൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇന്നു രാവിലെ ഞാൻ ഇവിടെ വായിച്ച സ്റ്റേറ്റുമെന്റിൽ പരാമർശിച്ചിട്ടുള്ള എല്ലാ രേഖകളുടെയും പതിപ്പ് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

## മേശപ്പുറത്തു വയക്കുന്ന കടലാസുകൾ

(2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

1. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3302, ഒൻപതാം സമ്മേളനത്തിലെ 1021, 4261, 4281, 4287, പത്താം സമ്മേനത്തിലെ 1088, 2967, 4388 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1209, 1275, 3000, എട്ടാം സമ്മേളനത്തിലെ 2800, 2805, പത്താം സമ്മേളനത്തിലെ 1270, 1279, 1292, 1293, 1296, 3053, 4461, 4463 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമി

ടാത്ത ചോദ്യങ്ങളുടെ  മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും  വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം  സമ്മേളനത്തിലെ 3157  നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ  മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.